# KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION

*(Registered under Travancore-Cochin Literary Scientific & Charitable Societies' Registration Act XII of 1955 Reg.S.No.Tr.12 of 1960, 03-05-1960)*

E mail : kpcma1960@gmail.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| **Dr.M.E.Kuriakose**<br>Secretary,<br>M.O.C Colleges,<br>Catholicate Aramana,<br>Devalokam (Po),<br>Kottayam-686 004<br>Mob.9447101513 | **Dr.M.Usman**<br>V/427 Camp Office,<br>Schoolparamba,<br>Pazhamallure (Po)<br>Malappuram Dt.676 506<br>Mob.9447255581 | **Rev. Sr.Dr.Vinitha CSST**<br>Director,<br>St.Teresas' College,<br>Park Avenue, Marine Drive ,<br>Ernakulam- 682 011<br>Mob.9961441698 |


No. KPCMA/H.Edn/2/2020

Date: 24.03.2020

To

Dr.K.T.Jaleel,
Hon.ble Minister for Higher Education,
Govt of Kerala,thiruvanathapuram.

Sir,

Sub: മാർച്ച് 16-ന് DCE- യിൽ നിന്ന് Dy.DCE ഓഫീസുകളിലേക്കും അവിടെ നിന്ന് കോളെജുകളിലേക്കും അയച്ച സർക്കുലർ പിൻവലിക്കുന്നതിനുള്ള അപേക്ഷ.

Ref: സർക്കുലർ D4/12236/2020/DCE dated 16.03.2020

ഇതോടൊന്നിച്ചുള്ള സർക്കുലർ അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നു.മാർച്ച് 16-ന് DCE- യിൽ നിന്ന് Dy.DCE ഓഫീസുകളിലേക്കും അവിടെ നിന്ന് കോളെജുകളിലേക്കും അയച്ചതാണിത്.
"എയ്ഡഡ് കോളെജുകളിലെ ജീവനക്കാരുടെ നിയമന അധികാരിമാനേജർ ആയതിനാൽ ജീവനക്കാരുടെ മേലുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം കോളെജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കുന്നതിന് സർക്കാർ മുമ്പാകെ സമർപ്പിക്കുന്നതിനായി"ട്ടാണ് ഇതെന്ന് പറയുന്നു. അങ്ങേയറ്റം പ്രതിഷേധാർഹമായ ഈ സർക്കുലർ അടിയന്തിരമായി പിൻവലിക്കാൻ നിർദേശം നൽകണമെന്ന പേക്ഷിക്കുന്നു. അങ്ങേക്കറിവുള്ളത് പോലെ എയ്ഡഡ് കോളെജ് ജീവനക്കാരുടെ മേൽ അച്ചടക്ക നടപടികളെടുക്കാനുള്ള അധികാരം University Statute,Direct Payment Agreement ,മറ്റു നിയമങ്ങൾ എന്നിവയനുസരിച്ച് നിയമനാധികാരിയായ എഡ്യുക്കേഷണൽ ഏജൻസിയിൽ നിക്ഷിപ്തമാണ്. വസ്തുത ഇതായിരിക്കെ

സർക്കാർ അറിവോടെയാണോ ഉദ്യോഗസ്ഥ തലത്തിൽ ഇത്തരമൊരു സർക്കുലർ ഇറങ്ങുന്നതെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്.ഇത്തരമൊരു സർക്കുലറിനായി എന്ത് അടിയന്തിര സാഹചര്യമാണ് കേരളത്തിലുള്ളതെന്ന് വിനയപൂർവം ചോദിക്കുന്നു. നിലവിൽ എയ്ഡഡ് കോളെജ് മാനേജ്മെൻറുകൾക്ക് നിയമാനുസൃതം ലഭ്യമായിട്ടുള്ള അവകാശാധികാരങ്ങളെ ഹനിക്കുന്ന എല്ലാ നീക്കങ്ങളും നിയമപരമായും ആവശ്യമെങ്കിൽ പ്രക്ഷോഭങ്ങൾ വഴിയും കേരളത്തിലെ എയ്ഡഡ് കോളെജ് മാനേജ്മെൻറുകൾ ചെറുത്തു തോൽപ്പിക്കുമെന്ന് വിനയപൂർവ്വം അങ്ങയെ അറിയിക്കുന്നു. കേരളത്തിലെ അറിയപ്പെടുന്ന ഒരു എയ്ഡഡ് കോളെജിലെ പ്രഗത്ഭനായ അധ്യാപകനെന്ന് പേരെടുത്തിട്ടുള്ള അങ്ങയിൽ നിന്ന് മാനേജ്മെൻറുകൾ നീതി പ്രതീക്ഷിക്കുന്നു.

ആയതിനാൽ മേൽ സൂചിപ്പിച്ച സർക്കുലർ അടിയന്തിരമായി പിൻവലിക്കുന്നതിനും സർക്കുലറിൽ സൂചിപ്പിച്ച തരത്തിലുള്ള പ്രൊപ്പോസൽ സംബന്ധിച്ചുള്ള എല്ലാ നടപടികളും അടിയന്തിരമായി നിർത്തിവെക്കാൻ ഉത്തരവിടണമെന്നും കേരളത്തിലെ മുഴുവൻ എയ്ഡഡ് കോളെജ് മാനേജ്മെന്റുകൾക്കും വേണ്ടി വിനീതമായി അപേക്ഷിക്കുന്നു. വിഷയത്തിന്റെ അടിയന്തിര പ്രാധാന്യവും കേരളത്തിലെ ഇപ്പോഴത്തെ സാഹചര്യവും പരിഗണിച്ച അങ്ങയുടെ നേരിട്ടുള്ള അടിയന്തിര ശ്രദ്ധ ലഭിക്കുന്നതിനായി WhatsApp - ൽ ഈ നിവേദനം അയച്ചിരുന്നു.

വിശ്വസ്തതയോടെ,

Dr. M.USMAN
General Secretary
Kerala Private College Managements' Association

Copy to:
1. Principal Secretary, Higher Education.
2. Director of Collegiate Education.

15 Enclosure - 1

"ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

D4/12236/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 16.03.2020

പ്രേഷകൻ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

കോ വി വ ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്.
കൊല്ലം / കോട്ടയം / എറണാകുളം / തൃശ്ശൂർ / കോഴിക്കോട്

വിഷയം:- കോ വി വ - അദ്ധ്യാപക - അഥിതി അദ്ധ്യാപക ശമ്പളം - അച്ചടക്ക നടപടി അധികാരം - സംബന്ധിച്ച്

സൂചന:- 12/ 3/ 2020 ലെ കോ വി വ ഡയറക്ടറുടെ നിർദേശം

ബഹു കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 12/ 3/ 2020 ലെ നിർദേശപ്രകാരം എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് നൽകിയ ശമ്പളവും , അതിഥി അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള വേതനവും കണക്കാക്കി ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ 2 ദിവസത്തിനകം നൽകേണ്ടതാണ്.

| വിഷയം | ആകെ തുക |
|---|---|
| 2019 - 2020 സാമ്പത്തിക വർഷത്തിൽ എയ്ഡഡ് കോളേജിലെ സ്ഥിരം അദ്ധ്യാപകർക്ക് ശമ്പള ഇനത്തിൽ മാത്രം അനുവദിച്ചിട്ടുള്ള ആകെ തുക | |
| 2019 - 2020 സാമ്പത്തിക വർഷത്തിൽ എയ്ഡഡ് കോളേജിലെ അഥിതി അദ്ധ്യാപകർക്ക് വേതന ഇനത്തിൽ നൽകിയിട്ടുള്ള ആകെ തുക | |

എയ്ഡഡ് കോളേജുകളിലെ ജീവനക്കാരുടെ നിയമന അധികാരി മാനേജർ ആയതിനാൽ ജീവനക്കാരുടെ മേലുള്ള അച്ചടക്ക നടപടി

സ്വീകരിക്കുന്നതിനുള്ള അധികാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കുന്നതിന് സർക്കാർ മുൻപാകെ സമർപ്പിക്കുന്നതിനായി കാര്യ-കാരണ ശുപാർശ സഹിതമുള്ള വിശദമായ പ്രപ്പോസൽ 1 ആഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

അടിയന്തിര പ്രാധാന്യമുള്ള വിഷയം ആയതിനാൽ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു

Approval Valid

Digitally Approved By
ഡോ.ഡി.കെ സതീഷ്
Date: 16.0 .2020
Reason: Approved

വിശ്വാസ്തതയോടെ

ഒപ്പ്/-

ഡോ.ഡി.കെ സതീഷ്

ഡെപ്യൂട്ടി ഡയറക്ടർ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി